പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 280 26.02.2018 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ

ചോദ്യം

മറുപടി

ശ്രീ.റ്റി.വി രാജേഷ്

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന 'സ്നേഹപൂർവ്വം പദ്ധതി'യുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; | (എ) | 'സ്നേഹപൂർവ്വം പദ്ധതി'യുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17, 2017-18 വർഷങ്ങളിൽ സഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | 2016-17 അധ്യയന വർഷത്തിൽ 263 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചു നൽകി. 2017-18 അധ്യയന വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# "സ്നേഹപൂർവ്വം" പദ്ധതിയുടെ വിശദാംശങ്ങൾ

* സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന "സ്നേഹപൂർവ്വം പദ്ധതി"യുടെ " വിശദാംശങ്ങൾ എന്തൊക്കെയാണ്?

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുകയെന്നതാണ് സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിന്റെ ഉദ്ദേശ്യലക്ഷ്യം. 2012 നവംബറിൽ ആണ് പദ്ധതി ആരംഭിച്ചത്. എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികളെകൂടി സ്നേഹപൂർവ്വം പദ്ധതിയിൽ 2015-16 വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ അപേക്ഷകൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന സ്വീകരിക്കുന്നു. സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെട്ട 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടുത്ത 100 കുട്ടികൾ വീതമുള്ള ഓരോ ബാച്ചുകൾക്ക് 2 ദിവസം നീണ്ടു നിൽക്കുന്ന ഒരു ജീവിത നൈപുണ്യ പരിശീലന പരിപാടിയും നടപ്പിലാക്കിവരുന്നു.2018-19 അദ്ധ്യയന വർഷം മുതൽ സർക്കാർ ഐ.റ്റി.ഐ/ പോളിടെക്നിക്ക് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക്കൂടി ഈ സ്കീം ബാധകമാക്കി ഉത്തരവായിട്ടുണ്ട്.

2014-15 അദ്ധ്യായനവർഷം മുതൽ ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി സ്വീകരിക്കുന്നു. ഇതിനായി അപേക്ഷകരായ വിദ്യാർത്ഥികൾ വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം അപേക്ഷകൾ സ്ഥാപന മേധാവിക്കു സമർപ്പിക്കണം.

1. ബി.പി.എൽ റേഷൻകാർഡിന്റെ പകർപ്പ് ബി.പി.എൽ സാക്ഷ്യപത്രം അഥവാ എ.പി.എൽ ആണെങ്കിൽ അംഗീകൃത വരുമാനസർട്ടിഫിക്കറ്റ് (കുടുംബവാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപവരെയും ആയി നിശ്ചയിച്ചിട്ടുണ്ട്.)
2. അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്
3. പിതാവോ മാതാവോ മരണപ്പെട്ടതിന്റെ അംഗീകൃത മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്
4. കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർ ബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ് /ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് എടുത്തതിന്റെ പകർപ്പ്.

വിദ്യാലയങ്ങളിൽ ചേർക്കാത്ത 5 വയസ്സിനു താഴെപ്രായമുള്ള കുട്ടികൾക്ക് ഈ ധനസഹായത്തിന് നിശ്ചിത അപേക്ഷാഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്.